**പതിമൂന്നാം കേരളനിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 761** **07/02/2013 ൽ മറുപടിക്ക്**

**പാലിയേറ്റീവ് കെയറിൽ കഴിയുന്ന കാൻസർരോഗികൾ**

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ | മറുപടി<br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാൻസർരോഗം പിടിപെട്ട് പാലിയേറ്റീവ് കെയറിൽ കഴിയുന്ന രോഗികൾ എത്രയാണെന്ന കണക്കുകൾ ലഭ്യമാക്കുമോ; | (എ) | റീജിയണൽ കാൻസർ സെന്ററിൽ 2012-13 വർഷം പാലിയേറ്റീവ് കെയർ ആവശ്യവുമായി വന്ന രോഗികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>പുതിയ രോഗികൾ - 3500<br>തുടർ ചികിത്സയ്ക്കെത്തുന്ന രോഗികൾ - 8310<br>ആകെ - 11810<br>മലബാർ കാൻസർ സെന്ററിൽ 2012-13 കാലയളവിൽ 1007 രോഗികൾ പാലിയേറ്റീവ് കെയർ വിഭാഗത്തിൽ ചികിത്സ തേടിയെത്തിയിട്ടുണ്ട്. |
| (ബി) | സർക്കാർ, സർക്കാരിതര ആശുപത്രികളിൽനിന്നും ഡിസ്ചാർജ് ചെയ്യപ്പെട്ട് വീടുകളിലും മറ്റും ചികിത്സ തുടരുന്ന കാൻസർ രോഗികൾക്ക് മരുന്ന് എത്തിക്കാൻ നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ; വിശദമാക്കുമോ; | (ബി) | റീജിയണൽ കാൻസർ സെന്ററിലെ പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്ത് വീടുകളിലും മറ്റും ചികിത്സ തുടരുന്ന കാൻസർ രോഗികൾക്ക് 'കെയർ പ്ലസ്' എന്ന സന്നദ്ധ സംഘടനയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന 'ഗൃഹപരിചരണ യൂണിറ്റ്' വഴി മരുന്നുകളും മറ്റും തിരുവനന്തപുരം ജില്ലയിലുള്ള രോഗികൾക്ക് എത്തിച്ചുകൊടുക്കുന്നുണ്ട്. കോഴിക്കോട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിൻ' എന്ന യൂണിറ്റിലും ഗൃഹപരിചരണ സംവിധാനമുണ്ട്. പാലിയേറ്റീവ് കെയർ നൽകുന്ന മറ്റു പല ആശുപത്രികളിലും ഗൃഹപരിചരണ സംവിധാനമുണ്ട്.<br>മലബാർ കാൻസർ സെന്ററിൽ അർബുദ രോഗ പീഡയാൽ അവശതയനുഭവിക്കുന്നവരും |

| | | | |
|---|---|---|---|
| | | | ആശുപത്രിയിലേക്ക് യാത്ര ചെയ്യാൻ ബുദ്ധിമുട്ടുള്ള രോഗികളെ പരിശീലനം സിദ്ധിച്ച ഡോക്ടർമാർ, നഴ്സിംഗ് സ്റ്റാഫ് മുതലായവർ ഉൾപ്പെട്ട ടീം ഗൃഹ സന്ദർശനം നടത്തി രോഗിക്കും രോഗിയെ പരിചരിക്കുന്നവർക്കും വേണ്ട നിർദ്ദേശങ്ങളും പരിചരണവും നൽകി വരുന്നു. രോഗികൾക്കാവശ്യമായ മരുന്നുകൾ സൗജന്യമായും നൽകി വരുന്നു. കൂടാതെ ആരോഗ്യവകുപ്പിൽ കാൻസർ രോഗികൾ ഉൾപ്പെടെയുള്ള എല്ലാ ശയ്യാവലംബരായ രോഗികൾക്കും വീടുകളിൽ മരുന്നുകൾ എത്തിക്കുന്നതിനും, ബെഡ് സോർ വൃത്തിയാക്കൽ. കത്തീറ്റർ മാറ്റം, റൈൽസ് ട്യൂബ് മാറ്റം എന്നിവ പാലിയേറ്റീവ് ഹോം വിസിറ്റിൽ നടത്തി വരുന്നു. |
| (സി) | കാൻസർ രോഗ ബാധിതരുടെയും ഇതുമൂലം മരണപ്പെട്ടവരുടെയും കഴിഞ്ഞ രണ്ട് വർഷത്തെ കണക്കുകൾലഭ്യമാണോ; ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ? | (സി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കാൻസർ രോഗബാധിതരുടെയും, ഇതുമൂലം മരണപ്പെട്ടവരുടെയും**
**<u>ജില്ല തിരിച്ചുള്ള കണക്ക്</u>**

| ജില്ല | രോഗബാധിതരുടെ എണ്ണം | | | | മരണപ്പെട്ടവരുടെ എണ്ണം | | | |
|---|---|---|---|---|---|---|---|---|
| | റീജിയണൽ കാൻസർ സെന്റർ | | മലബാർ കാൻസർ സെന്റർ | | റീജിയണൽ കാൻസർ സെന്റർ | | മലബാർ കാൻസർ സെന്റർ | |
| | 2010-11 | 2011-12 | 2011 | 2012 | 2010-11 | 2011-12 | 2011 | 2012 |
| തിരുവനന്തപുരം | 2963 | 3137 | - | - | 278 | 262 | - | - |
| കൊല്ലം | 2342 | 2393 | 2 | - | 130 | 105 | - | - |
| പത്തനംതിട്ട | 714 | 785 | 3 | 1 | 35 | 40 | - | - |
| ആലപ്പുഴ | 700 | 775 | - | 4 | 52 | 24 | - | - |
| കോട്ടയം | 365 | 441 | 1 | 2 | 15 | 24 | - | - |
| ഇടുക്കി | 199 | 221 | 1 | - | 9 | 9 | - | - |
| എറണാകുളം | 596 | 546 | 1 | 4 | 22 | 16 | - | - |
| തൃശ്ശൂർ | 653 | 712 | 6 | 11 | 27 | 27 | - | - |
| പാലക്കാട് | 720 | 813 | 9 | 31 | 41 | 22 | - | 2 |
| കോഴിക്കോട് | 478 | 532 | 457 | 576 | 20 | 15 | 20 | 37 |
| മലപ്പുറം | 881 | 994 | 50 | 93 | 34 | 25 | - | 1 |
| വയനാട് | 81 | 100 | 87 | 106 | 2 | 5 | 6 | 1 |
| കാസർഗോഡ് | 186 | 189 | 238 | 339 | 6 | 4 | 4 | 12 |
| കണ്ണൂർ | 465 | 467 | 1671 | 2030 | 19 | 14 | 133 | 139 |
| **ആകെ** | **11343** | **12105** | **2526** | **3197** | **690** | **592** | **163** | **192** |

സെക്ഷൻ ഓഫീസർ